LIBRARY ARCHIVES Kerala Legislative Assembly

പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണം

162 (3911) ശ്രീ. മാത്യു റ്റി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്ടിൽ കടവ് പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മിക്കുവാനുള്ള സ്ഥലം സറണ്ടർ ചെയ്ത് റിലിങ്കുിഷ്മെന്റ് ഫോറം 2010-ൽ ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത ഫോമുകൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളത് ; അവ അടിസ്ഥാനമാക്കി പ്രസ്തുത ഭൂമി സർക്കാർ ഭൂമിയായി പ്രഖ്യാപിക്കുവാനുള്ള നടപടി എന്നാണ് ആരംഭിച്ചത്;

(സി) പ്രസ്തുത നടപടി വൈകുവാൻ ഉണ്ടായ കാരണം എന്താണ്;

(ഡി) തുടർ നടപടികൾക്ക് ഇപ്പോഴുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) തിരുവല്ല റവന്യൂ ഡിവിഷണൽ ഓഫീസിലെ എ എ 3-5292/14-ാം നമ്പർ ഫയലിൽ ഉൾപ്പെട്ടുവരുന്നു. കറ്റൂർ വില്ലേജ് ഓഫീസർ മുഖാന്തരം ബന്ധപ്പെട്ട റിക്കാർഡുകൾ സഹിതമുള്ള റിപ്പോർട്ട് തയ്യാറാക്കി തിരുവല്ല അഡീഷണൽ തഹസീൽദാർ 4-12-2014-ൽ സമർപ്പിച്ചത് മുതൽ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ഫോറം സി നോട്ടീസ് പ്രസിദ്ധീകരിച്ചപ്പോൾ ബന്ധപ്പെട്ട കക്ഷികളിൽ 9 പേർ ആക്ഷേപം ഉന്നയിച്ചതാണ് നടപടി വൈകുവാൻ കാരണം.

(ഡി) സൗജന്യമായി വിട്ടു നൽകാമെന്ന് അറിയിച്ചതിനുശേഷം ഭൂമിയുടെ വില ലഭിക്കണം എന്ന് ആവശ്യപ്പെട്ടതാണ് ഇപ്പോഴുള്ള തടസ്സം.

ക്വാർട്ടേഴ്സ് നിർമ്മാണം

163 (3912) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി താലൂക്കിലെ തുക്കൊടിത്താനം, കറിച്ചി വില്ലേജ് ഓഫീസുകളുടെ കോമ്പൗണ്ടിൽ ക്വാർട്ടേഴ്സ് നിർമ്മിക്കുവാനുള്ള പദ്ധതിക്ക് അനുവാദം നൽകിയിട്ടുണ്ടോ ;

(ബി) ക്വാർട്ടേഴ്സ് നിർമ്മാണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?